ലേഖനം നമ്പർ 31

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

**വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള ധൂപപ്രാർത്ഥന :**

“മക്കളിലപ്പൻ.....മുതൽ തൻ മരണത്താൽ” എന്നുവരെയുള്ള സകല മരിച്ചവരെ കുറിച്ചുമുള്ള ഗീതങ്ങൾ ആലപിക്കുമ്പോൾ നാം അവരോടു കൂടി ദൈവത്തെ ആരാധിക്കുകയാണ്.

തിരശ്ശീല ഇട്ടശേഷം പട്ടക്കാരൻ ത്രോണോസിന്റെ മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിച്ചു കഴിഞ്ഞ് വി. കുർബ്ബാന അനുഭവിക്കുന്നു. വിശ്വാസികൾക്കു മുമ്പായി മദ്ബഹായിലുള്ളവർ വി. കുർബ്ബാന അനുഭവിക്കുന്നത് ഈ അവസരത്തിലാണ്.

പെത്ഗോമാ : സങ്കീർത്തനം 103 : 13-15

“മക്കളിലപ്പൻ കൃപചെയ്തതുപോലെ..............പൂച്ചെടി പോലെ ബാറെക്മോർ”

അർത്ഥം - അപ്പൻ മക്കളിൽ കൃപ കാണിക്കുന്നതുപോലെ ഭക്തന്മാരിൽ ദൈവം കൃപ ചെയ്യുന്നു. മനുഷ്യരുടെ ആയുസ്സ് പുല്ലിനു തുല്യമാണ്. വയലിലെ പൂച്ചെടിപോലെ അതു പൂക്കുന്നു.

എക്ബാ : “ശരണത്താലേ നിൻകൃപയിൽ........................ കബറീന്നുദ്യാനത്തിന്നായ് സെതൗമൻ”

അർത്ഥം - നിന്റെ കൃപയിൽ ശരണപ്പെട്ട് മരിച്ച നിന്റെ ദാസന്മാരെ കബറിൽ നിന്നെഴുന്നേറ്റ് പറുദീസയിലേക്കു പോകുവാൻ നിന്റെ ജീവന്റെ ശബ്ദം ഉണർത്തണമേ.

കോലോകൾ 1 : “രക്ഷകനെ ! നിൻ ഗാത്രത്തെ.......................... നോക്കുന്നവരിൽ കാന്തി ബാറെക്മോർ”

അർത്ഥം - രക്ഷകനെ നിന്റെ ശരീരം ഭക്ഷിച്ചും നിന്റെ വിലയേറിയ രക്തം കുടിച്ചും മരിച്ചവരെ ജീവിപ്പിച്ച് നിന്നെ നോക്കുന്നവരെ ശോഭ അണിയിക്കണമേ.

“മൃതരെ ജീവിപ്പിപ്പാനെഴുന്നെള്ളും രാജാ..........പോയീടുന്നു”

അർത്ഥം - മരിച്ചവരെ ജീവിപ്പിപ്പാനായി എഴുന്നെള്ളുന്ന രാജാവ് ആകാശത്തിലെ ശോഭയേറിയ മേഘത്തിൽ ആഘോഷസമന്വിതം വരുന്നു. നയവാന്മാർ കാഹളശബ്ദം കേട്ട് പുതുവസ്ത്രം ധരിച്ച് എതിരേൽക്കുവാൻ പോകുന്നു.

അല്ലെങ്കിൽ കോലോകൾ 2 : “ഉയിരേകുന്നോൻ രാജാ..................... സ്തുതിചെയ്തീടുന്നു ബാറെക്മോർ”

അർത്ഥം - ജീവൻ നൽകുന്ന രാജാവ് സ്വർഗ്ഗത്തിൽ നിന്ന് എഴുന്നള്ളിവന്ന് മരിച്ചവരായ എല്ലാവർക്കും ജീവൻ നൽകുന്നു. അവർ കബറുകളുടെ ഉള്ളിൽ നിന്നും ജീവൻ ധരിച്ച് എഴുന്നേറ്റിട്ട് ജീവൻ നൽകിയ നിന്നെ സ്തുതി ചെയ്യുന്നു.

“എന്റെ ശരീരം ഭക്ഷി...................................തന്നരുളിന്നു മഹത്വം.............................. മൊറിയോ”

അർത്ഥം - എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ പാതാളത്തിൽ പോകാൻ ഞാൻ അനുവദിക്കുകയില്ല്. എന്നും അവൻ ജീവിപ്പാനായിട്ടാണ് ഞാൻ മരിച്ചതെന്നരുളിയ കർത്താവിന്നു മഹത്വം.

ബോവൂസാ : “മരമതിനുയരെ.............................. കൈക്കൊണ്ടീടേണം”

അർത്ഥം - കർത്താവേ കുരിശുമരത്തിൽ വച്ച് കള്ളനുകിട്ടിയ നിന്റെ വരം ത്രിത്വത്തെ പുകഴ്ത്തി മരിച്ചവർക്കും ലഭിക്കുമാറാകണമേ.

ഈ നാലാമത്തെ കുക്കിലിയോനു മുമ്പ് “എന്റെ സഹോദരന്മാരും എന്റെ വാത്സല്യഭാജനങ്ങളുമെ എനിക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവിൻ” എന്നുപറഞ്ഞ് കൈ മലർത്തി പട്ടക്കാരൻ ശുബ്ബുക്കോനോ ചോദിച്ചശേഷം തിരശ്ശീല ഇടുന്നു. സ്വർഗ്ഗാരോഹണത്തിനു ശേഷം കർത്താവ് അദൃശ്യനായി എന്നതാണ് ഇതു സൂചിപ്പിക്കുന്നത്. സഭ കർത്താവിനുവേണ്ടി കാത്തിരിക്കുന്ന കാലത്തേയും ഇതു സൂചിപ്പിക്കുന്നു. കൂടാതെ കാലാന്ത്യത്തിൽ കർത്താവിന്റെ വരവിനു മുമ്പ് സൂര്യചന്ദ്രനക്ഷത്രങ്ങളുടെ പ്രകാശം ഇരുണ്ടുപോകുമെന്നും കാണിക്കുന്നു. മത്താ. 24 : 29 - ൽ പറയുന്നത് “ആ ദിവസങ്ങളിലെ ദുരിതത്തിനു ശേഷം സൂര്യൻ പെട്ടെന്ന് ഇരുണ്ടുപോകും. ചന്ദ്രൻ പ്രകാശിക്കയില്ല. നക്ഷത്രങ്ങൾ ആകാശത്തു നിന്നു വീഴും, ആകാശത്തിലെ ശക്തികൾക്ക് ഇളക്കം തട്ടും” എന്നാണ്.

*(തുടരും...)* ■

## വിശേഷ ദിവസങ്ങൾ

| | |
|---|---|
| **ഡിസംബർ** | |
| 8 ചൊവ്വ | പ.ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവയുടെ ഓർമ്മ (ദേവലോകം) |
| 13 ഞായർ | യൗസേഫിനുണ്ടായ വെളിപാടിന്റെ ഞായറാഴ്ച |
| 17 വ്യാഴം | പ.ബസ്സേലിയോസ് ഗീവർഗ്ഗീസ് പ്രഥമൻ ബാവയുടെ ഓർമ്മ |
| 21 തിങ്കൾ | വി.മാർതോമ്മാശ്ലീഹായുടെ രക്തസാക്ഷി മരണം |
| 25 വെള്ളി | ജനന പെരുന്നാൾ |
| 26 ശനി | വി.ദൈവമാതാവിന്റെ പുകഴ്ചപ്പെരുന്നാൾ. യാക്കോബ് മാർ പോളികാർപ്പോസ് തിരുമേനിയുടെ ഓർമ്മ (കൊരട്ടി) |
| 27 ഞായർ | ശിശുവധപ്പെരുന്നാൾ |
| **ജനുവരി** | |
| 1 വെള്ളി | പുതുവൽസരം, കർത്താവിന്റെ ചേലാകർമ്മം |
| 3 ഞായർ | പ. ബസ്സേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവയുടെ ഓർമ്മ (ദേവലോകം) |




Editorial Board : P.T. John, K.K. George (94470 40484), V.N. Philipose, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 9 ISSUE : 12 DECEMBER 2015

എഡിറ്റോറിയൽ

## ക്രിസ്തുമസ് ക്രിസ്തീയമാക്കിക്കൂടേ?

“കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു” (ലൂക്കോ 2:11)

നമ്മുടെ കർത്താവിന്റെ ജനന ദിവസത്തെക്കുറിച്ച് അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും “വചനം ജഡമായി തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു” (യോഹ 1:14) എന്നുള്ള സത്യം എല്ലാവരും അംഗീകരിക്കുന്നുണ്ട്. യേശുവിന്റെ ജനനം, മരണം, പുനരുത്ഥാനം എന്നിവ വെറും സങ്കല്പകഥകളല്ല, യഥാർത്ഥ വസ്തുതകളാകുന്നു എന്നും തെളിയിക്കപ്പെട്ടിട്ടുണ്ട്. “കാണാതെ പോയതിനെ കണ്ടു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്” (ലൂക്കോ 19:10) എന്നുള്ള അറിവും നമുക്കുണ്ട്. ഇങ്ങിനെയുള്ള യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള അറിവ് പകരുവാനായിരിക്കണം ക്രിസ്തുമസ് ദിവസം നാം ശ്രമിക്കേണ്ടത്.

സമയം കടന്നുപോകുന്തോറും ക്രിസ്തുമസ് ആഘോഷങ്ങളിൽ യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യം കുറഞ്ഞുവരികയാണ്. യേശുവിന്റെ ജനനം ഒരു ഉൽസവമായി കൊണ്ടാടുക മാത്രമായിരുന്നു നമ്മുടെ പൂർവ്വികന്മാരുടെ ഉദ്ദേശം. ഇന്നത്തെ ന്യൂജനറേഷൻ ക്രിസ്തുമസാഘോഷങ്ങളിൽ യേശുക്രിസ്തുവിനെ ഓർക്കുന്നുണ്ടോയെന്നു സംശയം.

കേരളത്തിൽ ക്രിസ്തുമസ്സിന് ചിലവാകുന്ന മദ്യത്തിന്റെ അളവു നോക്കിയാലറിയാം നമ്മുടെ ക്രിസ്തുമസ് ആഘോഷങ്ങളിൽ എത്രമാത്രം ദൈവസാന്നിദ്ധ്യമുണ്ടെന്ന്. ഈ കാരണം കൊണ്ടാണ് ഇപ്പോൾ ക്രിസ്തുമസ് ആഘോഷം പള്ളികളിൽനിന്നു പുറത്തായിക്കൊണ്ടിരിക്കുന്നതും. ക്രിസ്തുമസ് ആഘോഷിക്കുന്നത് ക്രിസ്തുവിന്റെ ജനനത്തിന്റെ ഓർമ്മക്കായിട്ടായതിനാൽ ആ ആഘോഷങ്ങൾ ക്രിസ്ത്യാനിസമൂഹം പള്ളികളിലും, സ്വന്തം വീടുകളിലുമാക്കി പരിമിതപ്പെടുത്തിയാൽ ആഘോഷങ്ങൾ വഴിതെറ്റിപോകാതിരിക്കുവാൻ സഹായിക്കും.

ക്രിസ്തീയ പാരമ്പര്യങ്ങൾക്കു നിരക്കാതെയുള്ള യേശുവിന്റെ ജന്മദിനാഘോഷം നമ്മുടെ നാട്ടിൽമാത്രമുള്ള പ്രത്യേകതയൊന്നുമല്ല. ചില യൂറോപ്യൻ രാജ്യങ്ങളിൽ ഒന്നോ, രണ്ടോ ആഴ്ച നിർബന്ധിത അവധി പ്രഖ്യാപിച്ച് ഗവൺമെന്റുതന്നെ ആഘോഷങ്ങളെ പ്രോത്സാഹിപ്പിക്കാറുണ്ട്. പക്ഷെ ഇതെല്ലാം വന്നു നിൽക്കുന്നത് യേശുവിനെയും, യേശുവിന്റെ പഠിപ്പീരിനെയും മറന്നുള്ള അവസ്ഥയിലാണെന്നു മാത്രം.

ഏകദേശം അര നൂറ്റാണ്ടിനു മുൻപ് ഉണ്ടായിരുന്ന ആഘോഷരീതിയിലേക്ക് കണ്ണോടിച്ചാൽ മലങ്കര ക്രിസ്ത്യാനികൾ കൃസ്തുവിന്റെ ജനനം എന്തുമാത്രം ആദരവോടെ ആഘോഷിച്ചിരുന്നു എന്നു കാണാം. അന്നത്തെ പ്രധാന പരിപാടി ക്രിസ്തുമസ് ഗാനാലാപനത്തോടെ, വിവിധ തരത്തിലുള്ള നക്ഷത്രവിളക്കുകളും, മെഴുകുതിരികളും മറ്റ് അലങ്കാരവിളക്കുകളുമായി സൺഡേ സ്ക്കൂൾ കുട്ടികളെയും കൂട്ടി

*(ശേഷം 2-ാം പേജിൽ)*

ഇടയ ലേഖനം

## ഞെരുക്കത്തിലും വിശാലത (സങ്കീർത്തനം 4:1)

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത



മലയാളഭാഷയിൽ സാമാന്യമായി ഉപയോഗത്തിലിരുന്നതും ഇക്കാലത്ത് അധികമായി ഉപയോഗിക്കാത്തതുമായ ഒരു പദമാണ് “ഞെരുക്കം” - Distress എന്ന പദം. ഇംഗ്ലീഷ് വേദപുസ്തകത്തിൽ കാണുന്നു. എന്നാൽ ആംഗലത്തിൽ കാണുന്നതിനെക്കാൾ വിശാലവും വ്യക്തവുമാണ് “ഞെരുക്കം” എന്ന പദം ഉൾക്കൊള്ളുന്നയർത്ഥം. ചുറ്റുപാടുകളിൽ നിന്നുണ്ടാകുന്ന സമ്മർദ്ദങ്ങൾമൂലം സാധാരണ ചലനങ്ങൾ അസാധ്യമാകുക; ദാരിദ്ര്യംമൂലം നിത്യവൃത്തിക്കു വകയില്ലാതെ കഷ്ടപ്പെടുക; രോഗംമൂലമോ അവശതമൂലമോ ഉണ്ടാകുന്ന അസ്വസ്ഥതയും സ്വന്തയഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും പ്രയോഗത്തിൽ കൊണ്ടുവരാനും അസാധ്യമാവുക - ഇവയെല്ലാം “ഞെരുക്കം” എന്ന പദത്തിൽ ഉൾക്കൊള്ളുന്നു. ഞെരുക്കം ഭൗതികവും, മാനസ്സികവും, മനഃശാസ്ത്രപരവും, ആത്മീകവും ആകാം. സ്വച്ഛന്ദമായി ജീവിച്ചുപോകാൻ പ്രയാസമാകുന്ന സാഹചര്യമാണ് “ഞെരുക്ക”ത്തിന്റെ പ്രധാന ഫലം. അതു ഒരുതരം ബന്ധനവും കാരാഗ്രൃഹവാസവുമായിരിക്കും. “വിതക്കാരന്റെ ഉപമ”യിൽ, മുള്ളിനിടയിൽ വീണ വിത്തുമുളച്ചു വളർന്നപ്പോൾ, മുള്ളുകൾ വളർന്ന് അവയെ ഞെരുക്കിക്കളഞ്ഞു എന്നു കാണുന്നു. ഒരു ജീവിക്ക് അതിന്റെ സ്വാഭാവികവും അവകാശപ്പെട്ടതുമായ സ്വാതന്ത്ര്യവും വളർച്ചയും നിഷേധിക്കുന്നതെല്ലാം ഞെരുക്കമാണ്. അങ്ങനെ വരുമ്പോൾ “മനുഷ്യാവകാശ ലംഘനങ്ങൾ”, “ഞെരുക്കങ്ങളിൽ”പ്പെടുന്നതായി വരുന്നു.

ഞെരുക്കങ്ങളുടെ കാലത്ത്, “വിശാലത” നൽകി, കരുണാപൂർവ്വം, അഭയയാചന കേൾക്കണമെ എന്ന് സങ്കീർത്തനകർത്താവ് പ്രാർത്ഥിക്കുന്നു. പുനരുത്ഥാന പ്രത്യാശയ്ക്ക് സുവിശേഷാനുഗ്രഹം സിദ്ധിക്കാതെ മരിച്ചുപോയവർ ഞെരുക്കത്തിലും “ബന്ധനത്തിലു”മായിരുന്നു എന്ന് പത്രോസ് സ്ലീഹാ പറയുന്നു (1 പത്രോ 3:19) അവരോട് പുതിയ ജീവന്റെ സുവിശേഷം, മരിച്ചു മൃതരുടെ ലോകത്തെത്തിയ കർത്താവ് അറിയിച്ചു. അങ്ങനെ അവർക്കും പ്രത്യാശയുണ്ടായി. മരണവും ജീർണ്ണതയും വരുത്തുന്ന ഞെരുക്കത്തിൽ നിന്ന് അവർ വിമുക്തരായി. യഥാർത്ഥത്തിൽ, മരണം, പാപം, സാത്താൻ എന്നിവ വരുത്തുന്ന ഞെരുക്കങ്ങളിൽ നിന്നു വിടുതൽ തരുന്നത് ദൈവമാണ്.

ഞെരുക്കങ്ങളിൽ, “ഞെരിഞ്ഞമരുന്നവർ” പലവിധത്തിലും ശ്വാസം മുട്ടിക്കഴിയുന്നവരാണ്. അവരുടെ ഭൗതികവും ആത്മീകവുമായ ഞെരുക്കങ്ങളിൽ നിന്നു വിടുവിക്കുന്നത് ദൈവീകമായ കർമ്മം തന്നെയാണ്. ഒരു നൂറ്റാണ്ടിനപ്പുറത്ത്, പ. പരുമല പുണ്യവാളൻ, കേരളത്തിലെ അധഃകൃതരുടെ ഉന്നമനത്തിനായി ഉണർന്നു പ്രവർത്തിക്കേണ്ടത്, സഭയുടെ

*(ശേഷം 2-ാം പേജിൽ)*

## വികാരിയുടെ കത്ത്

# കുടുംബ ഭദ്രത

Prof. Fr. O.J. Jacob



കുട്ടികളുടെയും യുവജനത്തിന്റെയും ഇടയിൽ ഈ കാലഘട്ടത്ത് വളരെ മോശമായ പല പ്രവണതകളും കണ്ടുവരുന്നുണ്ട്. ഇത് കാലഘട്ടത്തിലെ സമൂഹത്തിന്റെ പ്രത്യേകതയാകാം. ഇതിനെ വളർച്ചയുടെ സ്വഭാവമായി പൊതുവെ കാണുകയും അതിന്റെ മുമ്പിൽ കണ്ണടയ്ക്കുകയും ചെയ്യുന്ന ഒരു സമൂഹമാണ് ഇന്നുള്ളത്.

മനുഷ്യനെ നന്മയായി സൃഷ്ടിച്ച ദൈവം അവൻ നന്മയിൽ വളരണമെന്നാഗ്രഹിക്കുകയും അതിനുള്ള എല്ലാ സാദ്ധ്യതകളും അവന്റെ ചുറ്റുപാടിൽ ഒരുക്കുകയും ചെയ്യുന്നു. ദൈവം ശിഷ്ടരുടേയും, ദുഷ്ടരുടേയും മേൽ സൂര്യനെ ഉദിപ്പിക്കുകയും, നീതിമാന്മാരുടേയും, നീതികെട്ടവരുടേയും മേൽ മഴപെയ്യിക്കുകയും ചെയ്യുന്നു. ദൈവം മനുഷ്യരുടെ മേൽ ചൊരിയുന്ന നന്മകളെ സ്വീകരിച്ച് വളരുക എന്നതിലാണ് അവന്റെ വളർച്ചയും ഉയർച്ചയും നിലകൊള്ളുന്നത്.

കടലിൽ ഉപ്പുവെള്ളത്തിൽ കിടക്കുന്ന മത്സ്യം ഉപ്പിന്റെ ഉള്ളിൽ കയറ്റാതെ വളരുന്നതുപോലെ നന്മയും തിന്മയും നിറഞ്ഞ ഈ ലോകത്തിൽ കറകളേൽക്കാതെ ദൈവാനുഗ്രഹങ്ങൾ സ്വീകരിച്ചുകൊണ്ട് വളരുവാൻ ദൈവം മനുഷ്യനു വരം നൽകിയിട്ടുണ്ട്. മനുഷ്യജീവന്റെ പ്രാധാന്യം മനസ്സിലാക്കി അവന്റെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി മുന്നേറാനുള്ള യത്നം അവൻ ഇവിടെ പൂർത്തിയാക്കി ലക്ഷ്യം നേടണം.

മനുഷ്യനെ മനുഷ്യനാക്കുന്നതും ജീവിതത്തിന് അർത്ഥം കൈവരുന്നതും ആത്മാർത്ഥ സ്നേഹത്തിന്റെ നിറവിൽ ഊഷ്മളമായ ബന്ധങ്ങൾ ഉടലെടുക്കുമ്പോഴാണ്. കുടുംബാംഗങ്ങളുടെ ഐക്യത്തിന്റെ മൂല്യവും മഹത്വവും മനസ്സിലാക്കികൊണ്ട് കുടുംബങ്ങളിൽ ഊട്ടി വളർത്തേണ്ടതാണ് ഈ സ്നേഹബന്ധം.

ഇന്നു കാണുന്ന ലൗകിക നേട്ടങ്ങൾക്കുവേണ്ടിയുള്ള പരക്കംപാച്ചിലിൽ നിന്ന് പിന്മാറി മനുഷ്യവ്യക്തിത്വത്തെ ആദരിക്കുന്ന, അംഗീകരിക്കുന്ന പുതിയൊരു സ്നേഹസംസ്കാര രൂപീകരണമായിരിക്കണം ഓരോ കുടുംബവും ലക്ഷ്യമാക്കേണ്ടത്. കുട്ടികളുടെ വ്യക്തിത്വരൂപീകരണത്തിൽ ഏറിയ പങ്കും നടക്കേണ്ടതും കുടുംബത്തിൽ തന്നെയാണ്. കുടുംബപശ്ചാത്തലം വ്യക്തിയുടെ ജീവിതത്തെ ഏറെ സ്പർശിക്കും.

മനുഷ്യബന്ധങ്ങളിൽ ഉലച്ചിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിന്റെ പ്രത്യേകത സ്ഥായിയായ സ്നേഹബന്ധങ്ങൾ കുടുംബത്തിൽനിന്നും അപ്രത്യക്ഷമായി എന്നതാണ്.

മക്കളെ ഭയന്നു ജീവിക്കുന്ന മാതാപിതാക്കളുടേയും, മാതാപിതാക്കന്മാരെ വെറുക്കുന്ന മക്കളുടേയും എണ്ണം പ്രതിദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മക്കളുടെ ഹൃദയങ്ങളിൽ മൂല്യങ്ങൾ പതിപ്പിക്കാൻ മാതാപിതാക്കൾ അജ്ഞരും കഴിവില്ലാത്തവരും, സമയമില്ലാത്തവരുമാകുന്നു.

ഞായറാഴ്ചകളിലെങ്കിലും തങ്ങളുടെ മക്കളെ ദേവാലയത്തിൽ ആരാധനകളിൽ സംബന്ധിപ്പിക്കാനും, വേദപഠനക്ലാസിൽ ചേർത്തു പഠിപ്പിക്കുവാനും മാതാപിതാക്കൾ ശ്രദ്ധിക്കണം. ആഴ്ചയിൽ ഒരു ദിവസമെങ്കിലും ആത്മീക കാര്യങ്ങൾക്കുവേണ്ടി നീക്കിവെയ്ക്കുവാൻ അവരെ നിർബന്ധിക്കണം. അപ്രകാരം വളർന്നുവരുന്ന കുട്ടികൾക്ക് ഭാവിയിൽ നല്ല വ്യക്തിബന്ധങ്ങൾ സ്ഥാപിക്കുവാനും, ധാർമ്മികതയിലും, ദൈവബന്ധത്തിലും വളരുവാനും സാധിക്കും എന്നതിനു സംശയമില്ല. ■

*(ഇടയലേഖനം തുടർച്ച)*

ചുമതലയായാണെന്ന് പ്രഖ്യാപിച്ചു. ഞെരുക്കം നീക്കി വിശാലത നല്കുവാനുള്ള ആഹ്വാനമായിരുന്നു അത്. ഇന്നും നമുക്കുചുറ്റും "ഞെരുക്ക"മനുഭവിക്കുന്നവരുടെ ഒരു നിര തന്നെ കാണാം. അവർക്ക് ഒരു ചെറിയ അളവിലെങ്കിലും 'വിശാലത' നൽകുന്നത്, ദൈവത്തിന്റെ പരിത്രാണ കർമ്മത്തിൽ പങ്കാളികളാവുകയാണ്. രോഗികൾക്ക് ആശ്വാസവും, വിശക്കുന്നവർക്ക് ആഹാരവും, ഭവനരഹിതർക്ക് ഭവനവും നൽകുന്ന സംരംഭങ്ങളിൽ ഒത്തുചേരുമ്പോൾ, "ഞെരുക്കത്തിലിരിക്കുന്നവർക്ക് വിശാലത" നൽകുന്ന ദൈവത്തോടൊപ്പം ചേർന്നു പ്രവർത്തിക്കുകയാണ് എന്ന് ന്യായമായി ചിന്തിക്കാം.

ഞെരുക്കം, ആശയങ്ങൾ രൂപീകരിക്കുന്നതിലും, പ്രകടിപ്പിക്കുന്നതിലുമാകാം. അഭിപ്രായ പ്രകടനങ്ങൾ തടസ്സപ്പെടുമ്പോൾ ഞെരുക്കമാണുണ്ടാവുക. RTI എന്ന ചട്ടം 'വിശാലത' തരുന്നതാണെന്നു വിവക്ഷിക്കപ്പെടുന്നു. ന്യായമായ ആരാധനാ സൗകര്യങ്ങൾ നിഷേധിക്കപ്പെടുമ്പോഴും, വിശ്വാസം ചോദ്യം ചെയ്യപ്പെടുമ്പോഴും ഫലം "ഞെരുക്കം" തന്നെയാണ്. സമൂഹത്തിൽ തലപൊക്കുന്ന അസഹിഷ്ണുത 'വിശാലത'യെ നീക്കി "ഞെരുക്കം" വരുത്തുന്നതാണ്. നാം ഞെരുക്കം സൃഷ്ടിക്കുന്നവരല്ല; വിശാലത വരുത്തുന്നവരാവാൻ ഇടയാകട്ടെ! ■

*(എഡിറ്റോറിയൽ തുടർച്ച)*

മുതിർന്നവർ എല്ലാ വീടുകളും സന്ദർശിച്ച് ക്രിസ്തുവിന്റെ ജനനം വിളംബരം ചെയ്യുകയായിരുന്നു. അങ്ങിനെ ആ വിശേഷം നാനാജാതിമതസ്ഥരെ അറിയിച്ചിരുന്നു. ഇതല്ലാതെയുള്ള ആഘോഷങ്ങളെല്ലാം തന്നെ അന്നൊക്കെ പള്ളിയിൽ വച്ചായിരുന്നു നടന്നിരുന്നത്. പഴയകാര്യങ്ങൾ പലതും അയവിറക്കാമെന്നല്ലാതെ അതിലേക്കൊന്നും തിരിച്ചുപോകുവാൻ സാദ്ധ്യമല്ലല്ലോ. പക്ഷെ നമുക്ക് ഒന്നു ചെയ്യാൻ ശ്രമിക്കാവുന്നതാണ്. യേശുവിന്റെ ജനനം ഓർക്കുവാനാണ് നാം ക്രിസ്തുമസ് ആഘോഷിക്കുന്നതെങ്കിൽ, ക്രിസ്തീയമായി ക്രിസ്തുമസ് ആഘോഷം കൊണ്ടാടുവാൻ ശ്രമിക്കുക. ■

## കുടുംബ വിശേഷങ്ങൾ

### വിവാഹം



പച്ചാളം ലിങ്ക് പാർക്ക് റോഡ് പുലിക്കോട്ടിൽ ശ്രീ. പി.സി. ജസ്സന്റെയും ശ്രീമതി എൽസി ജസ്സന്റെയും മകൻ **എൽജോയും** തൃശൂർ നെല്ലുവായ് പുലിക്കോട്ടിൽ ശ്രീ. പി.പി. കുഞ്ഞുമോന്റെയും ശ്രീമതി ലിൻസി കുഞ്ഞുമോന്റെയും മകൾ **ഹിമയും** തമ്മിലുള്ള വിവാഹം 8-11-2015 ൽ കത്തീഡ്രലിൽ നടന്നു.

എറണാകുളം വീക്ഷണം റോഡ് പുള്ളിപ്പടവിൽ ശ്രീ അജിത് മാത്യുവിന്റെയും ശ്രീമതി സൂസൻ അജിതിന്റെയും മകൾ **Swetha Ajith Mathew** - വും അടൂർ കടമ്പനാട് കിഴക്കുംപുറം ശ്രീ. ഒ. തങ്കച്ചന്റെയും ശ്രീമതി പൊന്നമ്മയുടെയും മകൻ **പ്രിൻസ് ടി.** യും തമ്മിലുള്ള വിവാഹം 15-11-2015 ൽ കിഴക്കുപുറം മാർ കൗമാസഹദാ പള്ളിയിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*





## കത്തീഡ്രൽ ഫാമിലി അസോസിയേഷൻ






കത്തീഡ്രൽ ഫാമിലി അസോസിയേഷന്റെ ഒരു യോഗം നവംബർ 28-ാം തീയതി ശനിയാഴ്ച മൂന്നുമണിക്ക് കത്തീഡ്രൽ ഹാളിൽ കൂടുകയുണ്ടായി. വികാരി റവ. ഫാ. പി. ഐ. വറുഗീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രധാന പ്രാസംഗികനായി പങ്കെടുത്തത്, ഹൃദയം മാറ്റിവയ്ക്കൽ ഉൾപ്പെടെയുള്ള ഹൃദയശസ്ത്രക്രിയകൾ നടത്തി എല്ലാവരുടെയും സ്നേഹാദരങ്ങൾ പിടിച്ചുപറ്റിയിട്ടുള്ള ഡോ. ജോസ് ചാക്കോ പെരിയപുറമായിരുന്നു. വർഗീസച്ചന്റെ സ്വാഗതപ്രസംഗത്തോടെയും ശ്രീ. ചാർലി സൈമന്റെ ഡോക്ടറെ പരിചയപ്പെടുത്തലോടെയും യോഗം ആരംഭിച്ചു. "വൈദ്യനാകുന്നതിനേക്കാൾ വൈദികനാകുവാൻ അഛനമ്മമാർ ആഗ്രഹിച്ചിരുന്നു" എന്ന് പറഞ്ഞാരംഭിച്ച ഡോക്ടറുടെ പ്രഭാഷണം ഇടവകാംഗങ്ങളെ വളരെ ആകർഷിച്ചു.

## അഭിനന്ദനങ്ങൾ

**സ്മിത തങ്കച്ചൻ**



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും ഫിസിക്സിൽ ഡോക്ടറേറ്റ് ലഭിച്ച കോതമംഗലം മാർ അത്തനേഷ്യസ് എൻജിനീയറിംഗ് കോളേജ് അസിസ്റ്റന്റ് പ്രൊഫസർ **സ്മിത തങ്കച്ചൻ.** എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗമായ ശ്രീ. എം.ജി. തങ്കച്ചന്റെയും അമ്മിണിയുടെയും മകളും കോതമംഗലം മാർ അത്തനേഷ്യസ് എഞ്ചിനീയറിംഗ് കോളേജ് അസോസിയേറ്റ് പ്രൊഫസർ ജോബി ജോർജ്ജിന്റെ ഭാര്യയുമാണ്.

**സി. ഐ. ചിന്നൻ**



കത്തീഡ്രൽ ഇടവകയുടെ 'ദീപം' സൺഡേ സ്കൂളിൽ അദ്ധ്യാപകനായും, 25 വർഷം ഹെഡ്മാസ്റ്ററായും പ്രശസ്ത സേവനം നടത്തി, അനേകം വിദ്യാർത്ഥികൾക്ക് ദൈവ വഴി കാണിച്ചുകൊടുത്ത്, ഹെഡ്മാസ്റ്റർ സ്ഥാനത്തുനിന്നും വിരമിച്ച **സി. ഐ. ചിന്നൻമാസ്റ്ററിന്** എല്ലാ ഭാവുകങ്ങളും. ദൈവം അദ്ദേഹത്തിന് സർവ്വ കൃപകളും ചൊരിയട്ടെ എന്ന് ആശംസിക്കുന്നു.




നവംബർ 2-ാം തീയതി പരുമല പള്ളിയിൽ നടത്തിയ "MGOCSM പേട്രൻസ് ഡെ 2015" മെറിറ്റ് അവാർഡ്ദാന ചടങ്ങിൽ എം.ജി. സർവ്വകലാശാല ബി.എസ്.സി. സൈക്കോളജി പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ **ക്രിസ്റ്റീന മറിയം ചാക്കോ** അവാർഡ് സ്വീകരിക്കുന്നു. നമ്മുടെ ഇടവകാംഗം ചാക്കോ ഫിലിപ്പിന്റെയും മറിയാമ്മയുടെയും മകളാണ്.

## മാമോദീസ

പച്ചാളം പുലിക്കോട്ടിൽ ശ്രീജിത്ത് ജോയ്സന്റെയും ശ്രീമതി ലിലിയയുടെയും മകൻ **ജോസഫ്** (Juan) 8-11-2015 ൽ മാമോദീസ സ്വീകരിച്ചു.

പച്ചാളം അയ്യംകുളങ്ങര ശ്രീ. എ. ജെ. ലിജോയുടെയും ശ്രീമതി തനുജയുടെയും മകൻ **കുരിയാക്കോസ്** (Johaan) 28-11-2015 ൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*

## OCYM News

**24**-10-2015, പാലാരിവട്ടം പള്ളിയിൽവച്ചു നടന്ന ഭദ്രാസന തല OCYM കലാമേളയിൽ സമ്മാനാർഹരായവർ:



(1) **Christina Mariam Chacko**, കഥാപ്രസംഗം - 1st, Violin - 2nd
(2) **Shiny Mathews**, Essay Writing - 1 st (3) **Sam,** Key Board - 2nd
(4) **Cyril Philip Chacko**, Single Song, (Male) - 2nd (5) **Jithu**, Guitar - 1st
(6) **Emy Edwin**, Single Song, (Female) - 3rd

*പാരിഷ് ന്യൂസിന്റെ അഭിനന്ദനങ്ങൾ*

## വി. കുർബ്ബാന സമയം

എളംകുളം ചാപ്പൽ: Dec. 13 - 10.00 am, Dec. 20 - 07.00 am, Dec. 27 - 10.00 am, 2016 Jan. - 03 - 07.00 am

സെമിത്തേരിമുക്ക് ചാപ്പൽ: Dec. 13 - 07.30 am, Dec. 27 - 07.30 am

**എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am**

Best Compliments
MARUTI SUZUKI
Way of Life!